(സി) കഴിഞ്ഞ വർഷത്തെ ലാഭപ്രഭ പദ്ധതി സ്കൂളുകൾ മുഖാന്തിരം നടത്തിയിരുന്നു. സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ സംബന്ധിച്ച് ബോധവൽക്കരണവും പ്രത്യേക സമ്മാന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി. എനർജി മാനേജ്മെന്റ് സെന്റർ 'സ്മാർട്ട് എനർജി പ്രോഗ്രാം' (SEP) എന്ന പേരിൽ കേരളത്തിലെ എല്ലാ വിഭാഗം സ്കൂളുകളേയും ബന്ധിപ്പിച്ച് ഊർജ്ജ ക്ലബുകൾ രൂപീകരിച്ചു. SEP-യുടെ കീഴിൽ കഴിഞ്ഞ വർഷം 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി 392 സ്കൂളുകളും ഈ വർഷം 1500 സ്കൂളുകളും അംഗങ്ങളായി ചേർക്കപ്പെട്ടു. ഓരോ സ്കൂളിലും 50 കുട്ടികൾ വീതമാണ് SEP അംഗങ്ങളായിട്ടുള്ളത്.

സൗരോർജ്ജ വൈദ്യുതി

56(2257) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൗരോർജ്ജ വൈദ്യുതി വഴി എത്ര യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ടെന്നും സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി സംസ്ഥാനത്തെ ആകെ ഉത്പാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ട് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന 10000 സൗരഗൃഹ പദ്ധതിവഴി ഒരു കിലോവാട്ട് സ്ഥാപിതശേഷിയുള്ള എണ്ണായിരത്തിലധികം സൗരപ്ലാന്റുകൾ സ്ഥാപിച്ചതിലൂടെ പ്രതിദിനം ഏകദേശം 28000 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചതായി കണക്കാക്കിയിട്ടുണ്ട്. ഇതിനുപുറമെ വിവിധ കെട്ടിടങ്ങളിലായി സ്ഥാപിച്ച 363 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള പവർപ്ലാന്റുകളിൽനിന്നും പ്രതിദിനം ഏകദേശം 1270 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നു. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി 1.146 MW സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സൗരോർജ്ജ വൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി അനെർട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 10000 സൗരഗൃഹ പദ്ധതി, സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ്ജത്തിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നതിന് 2012-13 കാലഘട്ടത്തിൽ 110 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റ് പദ്ധതികൾ ഡെമോൺസ്ട്രേഷൻ സ്കീമിൽ ഉൾപ്പെടുത്തി സർക്കാർ കെട്ടിടങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

മേൽക്കൂരയിൽ അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് കഴൽമന്ദത്ത് അനെർട്ടിന് സ്വന്തമായി 2 മെഗാവാട്ട് സോളാർ പ്ലാന്റ് സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകുകയും അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സൗരോർജ്ജ പാനലുകൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. ടി വൈദ്യുതിക്ക് ബോർഡ് വില നൽകുകയും ചെയ്യുന്നു. Off grid solar പദ്ധതികളിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് 1 രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്നതിനുള്ള നടപടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വീകരിച്ചുവരുന്നു. നിലവിലുള്ള പ്ലാന്റുകളിൽനിന്നും ഉത്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി സംസ്ഥാനത്തെ പ്രതിദിന ആവശ്യകതയായ 62.78 ദശലക്ഷം യൂണിറ്റിന്റെ (മെയ് 2015-ലെ ശരാശരി പ്രതിദിന ഉപഭോഗം) വളരെ ചെറിയ ശതമാനം മാത്രമാണ്.

സൗരോർജ്ജ വൈദ്യുതി

57 (2258) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് സൗരോർജ്ജ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഏതൊക്കെ ജില്ലകളിൽ, ഏതൊക്കെ സ്ഥലങ്ങളിലാണ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. വൈദ്യുതി ബോർഡ് സൗരോർജ്ജ വൈദ്യുതി ഉൾപ്പെടെയുള്ള നവീകരണ ഊർജ്ജം പ്രോത്സാഹിപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി & എനർജി സേവിംഗ് എന്ന പേരിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതും ലക്ഷ്യംവയ്ക്കുന്നതുമായ പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* 2014-15 വർഷത്തിൽ ആകെ 1.146 MW-ന്റെ മൂന്ന് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കാസർഗോഡ് സോളാർ പാർക്ക് 200 MW ഉൾപ്പെടെ 227.4215 MW-ന്റെ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി ബോർഡ് നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly